(സി) ഈ പ്രദേശത്ത് എത്ര റെയിഡുകൾ നടത്തി എത്ര പേരെ പിടികൂടി ;

(ഡി) വ്യാജമദ്യം അതിനു വേണ്ട അസംസ്കൃത പദാർത്ഥങ്ങൾ എന്നിവ എത്ര പിടിച്ചെടുത്തു ;

(ഇ) ഈ പ്രദേശത്തെ വ്യാജമദ്യക്കച്ചവടവും വാറ്റും തടയുവാൻ എന്ത് അടിയന്തിര നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(എഫ്) വ്യാജവാറ്റും മദ്യക്കച്ചവടവും സംബന്ധിച്ച് ഈ സർക്കാർ ഈ പ്രദേശങ്ങളിലെ എക്സൈസ് വകുപ്പിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി എത്ര കേസ്സുകളെടുത്തു ; കേസ്സുകൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആലത്തൂർ എക്സൈസ് സർക്കിൾ എക്സൈസ് റെയിഞ്ചു പാർട്ടികൾ നിരന്തരം മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ റെയിഡ് നടത്തി വരുന്നുണ്ട്.

(സി) 70 റെയിഡുകളിലായി 10 പേരെ പിടികൂടിയിട്ടുണ്ട്.

(ഡി) 145 ലിറ്റർ വാഷും 23 ലിറ്റർ ചാരായവും പിടിച്ചെടുത്തിട്ടുണ്ട്.

(ഇ) പോലീസ്, റവന്യൂ, മറ്റ് ഇതര ഡിപ്പാർട്ടുമെന്റുകളുമായി ചേർന്ന് സംയുക്ത റെയിഡുകൾ നടത്തി ടി പ്രദേശത്തെ വ്യാജമദ്യക്കച്ചവടവും വാറ്റും തടയാൻ അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു.

(എഫ്) ഈ സർക്കാർ ടി പ്രദേശങ്ങളിൽ നിന്നും 10 കേസ്സുകൾ എടുത്തിട്ടുണ്ട്. കേസ്സുകൾ അന്വേഷണത്തിലാണ്.

ഗതാഗത തടസ്സം സൃഷ്ടിക്കുന്ന ഡിപ്പോകൾ മാറ്റി സ്ഥാപിക്കാൻ നടപടി

40 (1835) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ ബിവറേജസ് കോർപ്പറേഷന്റെ എത്ര സെയിൽസ് ഡിപ്പോകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ ഡിപ്പോകളിൽ കഴിഞ്ഞ വർഷം ഉണ്ടായ വിൽപ്പന എത്ര വീതമാണ് എന്ന് വെളിപ്പെടുത്താമോ ;

(സി) പല ഡിപ്പോകളും സൗകര്യങ്ങൾ കുറവായ സ്ഥലത്തായതുകൊണ്ട് റോഡിൽ യാത്രാതടസ്സം ഉണ്ടാകുന്നു എന്ന പരാതി ലഭിച്ചിട്ടുണ്ടോ ;

(ഡി) വാഹന ഗതാഗതത്തിന് തടസ്സം ഉണ്ടാക്കുന്നതിന് ഇടയാക്കുന്ന ഡിപ്പോകൾ മാറ്റി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പതിനേഴ് എണ്ണം

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഇല്ല.

(ഡി) ഉത്തരം (സി)യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

എക്സൈസ് വകുപ്പിലെ വനിതാ ഗാർഡുകളുടെ നിയമനം

41 (1836) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിൽ വനിതാ ഗാർഡുകളെ നിയമിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവരെ നേരിട്ടാണോ വകുപ്പുതല മാറ്റം മുഖേനയാണോ നിയമിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എക്സൈസ് വകുപ്പിൽ വനിതാ ഗാർഡുകളെ നിയമിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) നിയമന രീതി തീരുമാനമായിട്ടില്ല.

ഗുണമേന്മയുള്ള ഭക്ഷ്യ സാധനങ്ങൾ വിൽക്കാൻ നടപടി

42 (1837) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുവിതരണ കേന്ദ്രങ്ങളിൽ ഗുണമേന്മയുള്ള ഭക്ഷ്യധാന്യങ്ങൾ വില്പന നടത്താൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്നും എന്തൊക്കെ മേൽ നടപടി സ്വീകരിക്കും എന്നും വിശദമാക്കാമോ ;

(ബി) പൊതുവിതരണ കേന്ദ്രങ്ങളിലൂടെ ഏതെല്ലാം ഭക്ഷ്യധാന്യങ്ങളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണം ചെയ്യുന്നതെന്നും ഓരോന്നിന്റെയും വില ഒരു കിലോയ്ക്ക് എത്രയാണെന്നും വ്യക്തമാക്കുമോ ;

(സി) പൊതുവിതരണ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ ധാന്യങ്ങളുടെ അതേ ഗുണനിലവാരമുള്ള ഭക്ഷ്യധാന്യങ്ങൾക്ക് പൊതു വിപണിയിലെ വില എത്രയാണെന്ന് വിശദമാക്കുമോ ;

(ഡി) പൊതുവിതരണ കേന്ദ്രങ്ങളിലെ ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താനും കൃത്യമായ അളവും തൂക്കവും ഉറപ്പുവരുത്താനും എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly